# അരുത് സഹോദരങ്ങളേ, അരുത് !

**തിരുവനന്തപുരം** ജില്ലയിലെ ബാലരാമപുരത്തും മലപ്പുറം ജില്ലയിലെ തിരൂരിലും ഉളവായ വർഗീയ സംഘർഷം കേരളത്തിലെ സാധാരണ ജനങ്ങളെ ആശങ്കയിലാഴ്ത്തിയിരിക്കുകയാണ്. ബാലരാമപുരത്ത് സംഘർഷം ഒട്ടൊന്നു ശമിച്ചിട്ടുണ്ട്. പക്ഷേ, അതിനെത്തുടർന്ന് ആർ.എസ്.എസ് പരിവാർ സംഘടനകൾ കേരളത്തിലുടനീളം നടത്തിക്കൊണ്ടിരിക്കുന്ന പ്രകോപനപരമായ പ്രകടനങ്ങളും പ്രസംഗങ്ങളും തുടരുകയാണ്. വർഗീയവിരോധം ചീറ്റുന്ന ലഘുലേഖകളാണ് വീടുവീടാന്തരം വിതരണം ചെയ്യുന്നത്. ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്രമോഡിയുടെ നിർദിഷ്ട സന്ദർശനത്തോടു കൂടി സംസ്ഥാനത്ത് വർഗീയാഗ്നി ആളിക്കത്തിക്കാനുള്ള ശ്രമമായിട്ടാണ് ഇത് നിരീക്ഷിക്കപ്പെടുന്നത്.

തിരൂരിൽ സ്ഥിതിഗതികൾ നിയന്ത്രണാധീനമാണെന്ന് പോലീസ് അവകാശപ്പെടുന്നുണ്ടെങ്കിലും തൊട്ടടുത്ത താനൂരിലേക്കും സംഘർഷം വ്യാപിച്ചതായാണ് ഇതെഴുതുമ്പോഴുള്ള വിവരം. കേരളം ഭീകരവാദികളുടെ താവളമാണ്, മലപ്പുറം മിനി പാകിസ്താനും ദക്ഷിണ കശ്മീരുമാണ്, കേരള തീരത്ത് വിദേശ നിർമിത മാരകായുധങ്ങൾ വന്ന് കുമിഞ്ഞുകൂടുന്നു എന്നൊക്കെ വളരെക്കാലമായി പ്രചരിപ്പിക്കുകയും കേരളവും മലപ്പുറവും അങ്ങനെയൊക്കെ ആയിത്തീരണമെന്ന് ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യുന്നവരെ മാത്രമേ ഈ അവസ്ഥാവിശേഷം സന്തോഷിപ്പിക്കുകയുള്ളൂ.

നൂറ്റാണ്ടുകളായി ഈ മണ്ണിൽ ഒന്നിച്ചും സഹകരിച്ചും ജീവിച്ചുപോരുന്നവരാണ് കേരളത്തിലെ മൂന്ന് പ്രധാന മതവിഭാഗങ്ങൾ. മറ്റു പലേടത്തും ഉള്ളതുപോലെ ഇവിടെ ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കും ക്രിസ്ത്യാനികൾക്കും പ്രത്യേകം പ്രത്യേകം ഗ്രാമങ്ങളോ തെരുവുകളോ ഇല്ല. എല്ലാ ഗ്രാമങ്ങളും എല്ലാ തെരുവുകളും എല്ലാവരുടേതുമാണ്. ഹിന്ദുവീടിന്റെ ഇടതുവശത്ത് ക്രിസ്ത്യാനിയും വലതുവശത്ത് മുസ്‌ലിമും താമസിക്കുന്നതിൽ മൂന്നു കൂട്ടർക്കും ഒരു മനഃപ്രയാസവുമില്ല. ഇവിടത്തെ ഹിന്ദുവും മുസ്‌ലിമും ക്രിസ്ത്യാനിയും അധിനിവേശം ചെയ്തവരോ കുടിയേറ്റക്കാരോ അല്ല. തദ്ദേശീയർ തന്നെയാണ്. നൂറ്റാണ്ടുകൾക്ക് മുമ്പാണെങ്കിലും അയൽപക്കത്തുള്ള ഹിന്ദുകുടുംബങ്ങളിൽനിന്ന് വിശ്വാസവും ആചാരവും മാറിയ അംഗങ്ങളുടെ താവഴിയാണവർ. ഈ അടിസ്ഥാനബന്ധത്തിന്റെ താൽപര്യമായ സാഹോദര്യത്തിൽനിന്നും പരസ്പര ധാരണയിൽനിന്നും ഉരുവം കൊണ്ടതാണ് നമ്മുടെ സങ്കര ജീവിതം. കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക-സാമ്പത്തിക പുരോഗതിയിൽ സ്നേഹോഷ്മളമായ ഈ ആവാസ വ്യവസ്ഥക്ക് വലുതായ പങ്കുണ്ട്.

അയൽപക്കത്തുള്ള ഹിന്ദുവിന്റെയോ മുസ്‌ലിമിന്റെയോ അല്ലെങ്കിൽ ക്രിസ്ത്യാനിയുടെയോ കുടുംബത്തെ വിശ്വസിച്ച്, അവശ്യഘട്ടങ്ങളിൽ അവരോടിയെത്തുമെന്ന സമാധാനത്തോടെയാണ് ഭാര്യയെയും പറക്കമുറ്റാത്ത മക്കളെയും വീട്ടിൽ തനിച്ചാക്കി കേരളത്തിലെ അബൂബക്കറും അച്യുതനും അവറാച്ചനും, അവർക്കന്നം തേടി മുംബൈയിലും ദുബൈയിലും പോയി വർഷങ്ങളോളം താമസിക്കുന്നത്. ഈ വിശ്വാസവും സൗഹാർദവും കാത്തുസൂക്ഷിക്കേണ്ടത് കേരളം കേരളമായി നിലനിൽക്കാൻ അനിവാര്യമാകുന്നു. സുന്ദരമായ ഈ ആവാസവ്യവസ്ഥയുടെ കടക്കലേക്കാണിപ്പോൾ കഠാരകൾ നീളുന്നത്. ആ കൈ ആരുടേതായാലും പിടിച്ചേതീരൂ. സാമുദായികമായ പരസ്പര ധാരണയും സഹകരണവും ഒരിക്കൽ നഷ്ടപ്പെട്ടാൽ പിന്നീട് ഉണ്ടാക്കിയെടുക്കാനാവില്ല. മതത്തിന്റെ പേരിൽ അയൽക്കാരന്റെ നേരെ വാളോങ്ങുന്നവർ അവരവരുടെ നേരെത്തന്നെയാണ് അതോങ്ങുന്നത്. അവർ ഹിംസിക്കുന്നത് ഒരയൽക്കാരനെയല്ല; താനുൾപ്പെട്ട ആവാസഘടനയെയാണ്. ആ തകർച്ച സൃഷ്ടിക്കുന്ന മഹാദുരന്തങ്ങൾ അവർണനീയമാണ്. അതിനാൽ മലയാളമണ്ണ് മനുഷ്യരക്തം കൊണ്ട് ചുവപ്പിക്കാനിറങ്ങുന്നവരോട് ഞങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ അഭ്യർഥിക്കുന്നു, അപേക്ഷിക്കുന്നു; അരുത് സഹോദരങ്ങളേ, അരുത്!

മുസ്‌ലിം സഹോദരന്മാരെ ഞങ്ങൾ പ്രത്യേകം ഓർമിപ്പിക്കുന്നു: നാം ഒരാദർശസമൂഹമാണ്, വംശീയ സമൂഹമല്ല. സത്യത്തിന്റെയും നീതിയുടെയും ധർമത്തിന്റെയും പ്രബോധനമാണ് ദൈവം നമ്മിലർപ്പിച്ച ഉത്തരവാദിത്വം. സ്വയം സത്യത്തിന്റെ സാക്ഷികളാകുന്നതിലൂടെയാണ് നാം ഈ ദൗത്യം ഏറ്റെടുക്കൻ യോഗ്യരാകുന്നത്.

തോക്കും ബോംബുമല്ല; യുക്തിബോധവും ഗുണകാംക്ഷയും നിറഞ്ഞ സംവാദമാണ് പ്രബോധകർക്ക് ഖുർആൻ നിർദേശിച്ചുതന്നിട്ടുള്ള ആയുധങ്ങൾ (*അന്നഹ്ൽ* 125). പ്രബോധകർ ശത്രുതയും അക്രമങ്ങളും നേരിടേണ്ടിവരിക അപൂർവമല്ല. ക്ഷമയും സ്നേഹവുമാണ് അപ്പോഴവന്റെ പ്രതിരോധായുധം. “തിന്മയെ നന്മ കൊണ്ട് തടുക്കുക, അപ്പോൾ നിന്നോട് വൈരമുള്ളവർ നിന്റെ ആത്മമിത്രമായിത്തീരുന്നതു കാണാം. നല്ല ക്ഷമയുള്ളവർക്കേ അത് സാധിക്കൂ. മഹാഭാഗ്യവാന്മാർക്കു മാത്രം നേടാനാവുന്ന സൗഭാഗ്യമാണത്” (*ഫുസ്സിലത്ത്* 34,35). പ്രവാചകൻ ഉപദേശിച്ചു: “പ്രതിയോഗിയെ അടിച്ചമർത്തുന്നവനല്ല യഥാർഥ വീരൻ, മറിച്ച് സ്വന്തം മനസ്സിനെ നിയന്ത്രിച്ചുനിർത്തുന്നവനാണ്.”

മാതാപിതാക്കളോടും കുടുംബാംഗങ്ങളോടുമെന്നപോലെ ബന്ധുക്കളും അല്ലാത്തവരുമായ അയൽക്കാരോടും മറ്റു സഹവാസികളോടും ഏറ്റവും നല്ല രീതിയിൽ പെരുമാറണമെന്ന ഖുർആന്റെ ശാസനയും (*അന്നിസാഅ്* 36) ബഹുസ്വരമായ കേരളീയ പശ്ചാത്തലത്തിൽ ഏറെ പ്രസക്തമാകുന്നു. അയൽക്കാരനെ ആദരിക്കാത്തവൻ വിശ്വാസിയല്ലെന്നും അയൽക്കാരൻ പട്ടിണി കിടക്കുമ്പോൾ വയറ് നിറച്ചുണ്ണുന്നവൻ തന്റെ സമുദായത്തിൽ പെട്ടവനല്ലെന്നും പ്രവാചകൻ പ്രസ്താവിച്ചിരിക്കുന്നു. ഈ അയൽക്കാരന്റെ കഴുത്തിൽ കത്തിയിറക്കാനൊരുമ്പെടുന്നവരാരായാലും അവരുടെ പ്രചോദനം മുഹമ്മദ് നബി(സ) പ്രബോധനം ചെയ്ത ആദർശമല്ല എന്ന് തിരിച്ചറിയണം. സ്വയം തിരിച്ചറിയാത്തവർക്ക് ആ തിരിച്ചറിവുണ്ടാക്കിക്കൊടുക്കാൻ മത-സാമുദായിക നേതൃത്വം മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു. ■